# ഗലാത്യർ

1 മനുഷ്യരിൽനിന്നോ മനുഷ്യനാലോ അല്ല,
യേശുക്രിസ്തുവിനാലും അദ്ദേഹത്തെ മരി
ച്ചവരിൽനിന്ന് ഉയിർപ്പിച്ച പിതാവായ ദൈവ
ത്താലുംതന്നേ അപ്പൊസ്തലൻ ആയ പൗലൊ
സും 2കൂടെയുള്ള സകല സഹോദരന്മാരും,
ഗലാത്യസഭകൾക്ക് എഴുതുന്നത്:
3പിതാവായ ദൈവത്തിൽനിന്നും, നമ്മുടെ
പിതാവും ദൈവവുമായവന്റെ ഇഷ്ടപ്രകാരം
ഈ ദുഷ്ടലോകത്തിൽനിന്നു നമ്മെ വീണ്ടെടു
ക്കുന്നതിനു നമ്മുടെ പാപങ്ങൾ നിമിത്തം ത
ന്നെത്താൻ ഏല്പിച്ചുകൊടുത്ത 4കർത്താവാ
യ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു
കൃപയും സമാധാനവും ഉണ്ടാകട്ടെ. 5അവിടു
ത്തേക്ക് എന്നെന്നേക്കും മഹത്ത്വം, ആമേൻ.

*മറ്റൊരു സുവിശേഷവുമില്ല*

6ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളി
ച്ചവനെ വിട്ട് ഇത്രവേഗം നിങ്ങൾ വേറൊരു സു
വിശേഷത്തിലേക്കു തിരിയുന്നതിൽ ഞാൻ
ആശ്ചര്യപ്പെടുന്നു. 7അതു വാസ്തവത്തിൽ
സുവിശേഷമേയല്ല. ചിലർ നിങ്ങളെ ചിന്താക്കു
ഴപ്പത്തിലാക്കി ക്രിസ്തുവിന്റെ സുവിശേഷം
കോട്ടിക്കളയുവാൻ ശ്രമിക്കുകയത്രേ
ചെയ്യുന്നത്. 8എന്നാൽ ഞങ്ങൾ നിങ്ങളോടു
അറിയിച്ചത് അല്ലാതെ മറ്റൊരു സുവിശേഷം
ഞങ്ങളോ സ്വർഗ്ഗത്തിൽനിന്നുള്ള ഒരു ദൂത
നോ അറിയിച്ചാൽ അയാൾ ശപിക്കപ്പെട്ടവൻ.
9ഞങ്ങൾ മുമ്പേ പറഞ്ഞതുപോലെതന്നേ
ഇപ്പോൾ ഞാൻ വീണ്ടും പറയുകയാണ്:
നിങ്ങൾ സ്വീകരിച്ചത് അല്ലാതെ വേറൊരു
സുവിശേഷം ആരെങ്കിലും നിങ്ങളോട് അറിയി
ച്ചാൽ അയാൾ ശപിക്കപ്പെട്ടവൻ.
10ഞാൻ ഇപ്പോൾ മനുഷ്യരെയോ ദൈവ
ത്തെയോ പ്രസാദിപ്പിക്കുന്നത്? മനുഷ്യരെയാ
ണോ ഞാൻ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നത്?
ഇപ്പോഴും മനുഷ്യരെ പ്രസാദിപ്പിക്കുന്നുവെ
ങ്കിൽ ഞാൻ ക്രിസ്തുവിന്റെ ദാസൻ ആകു
കയില്ല.

*പൗലൊസിന്റെ വിളി*

11സഹോദരരേ, ഞാൻ അറിയിച്ച സു
വിശേഷം മാനുഷമല്ല എന്നു നിങ്ങൾ അറിയണ
മെന്നു ഞാൻ ആഗ്രഹിക്കുന്നു. 12ഞാൻ അതു
മനുഷ്യനിൽനിന്നല്ല പ്രാപിച്ചത്, ആരും എന്നെ
പഠിപ്പിച്ചതുമല്ല; യേശുക്രിസ്തുവിൽനിന്നുള്ള
വെളിപ്പാടിനാൽ അത്രേ പ്രാപിച്ചത്.
13യഹൂദമതത്തിലെ എന്റെ മുൻകാല ജീ
വിതരീതിയെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.
ഞാൻ ദൈവസഭയെ കഠിനമായി പീഡിപ്പിക്കു
കയും നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു.
14എന്റെ സമപ്രായക്കാരായ പലരെക്കാളും
ഞാൻ യഹൂദമതത്തിൽ അധികം ശുഷ്കാന്തി
കാണിച്ചിരുന്നു. എന്റെ പിതൃപാരമ്പര്യങ്ങളെ
കുറിച്ചു ഞാൻ അത്യന്തം തീക്ഷ്ണതയുള്ളവനു
മായിരുന്നു. 15എന്നാൽ അമ്മയുടെ ഗർഭംമുതൽ
എന്നെ വേർതിരിച്ച ദൈവം, തന്റെ കൃപയാൽ
എന്നെ വിളിച്ച്, തന്റെ പുത്രനെക്കുറിച്ചുള്ള
സുവിശേഷം ഞാൻ വിജാതീയരുടെ ഇടയിൽ
അറിയിക്കേണ്ടതിന് 16അദ്ദേഹത്തെ എന്നിൽ
വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ, ഞാൻ
മനുഷ്യരോട് ആലോചന ചോദിക്കുകയോ
17എനിക്കുമുമ്പേ അപ്പൊസ്തലന്മാരായവരെ
കാണാൻ യെരൂശലേമിലേക്കു പോകുകയോ
ചെയ്തില്ല; ഞാൻ ഉടൻതന്നേ അറേബ്യ
യിലേക്കു പോകയും പിന്നെ ദമസ്ക്കോ
സിലേക്കു മടങ്ങിപ്പോരുകയും ചെയ്തു.
18മൂന്നു വർഷത്തിനുശേഷം പത്രൊസിനെ[a]
പരിചയപ്പെടുവാൻ ഞാൻ യെരൂശലേമിലേക്കു
പോയി, അദ്ദേഹത്തോടുകൂടെ പതിനഞ്ചുദി
വസം പാർത്തു. 19കർത്താവിന്റെ സഹോ
ദരനായ യാക്കോബിനെ അല്ലാതെ അപ്പൊ
സ്തലന്മാരിൽ മറ്റാരെയും ഞാൻ കണ്ടില്ല.
20ഞാൻ നിങ്ങൾക്കെഴുതുന്നതു വ്യാജമല്ല
എന്നതിനു ദൈവം സാക്ഷി. 21പിന്നീട് ഞാൻ
സിറിയയിലേക്കും കിലിക്യയിലേക്കും പോയി.
22യഹൂദ്യയിലെ ക്രിസ്തുസഭകൾക്കു ഞാൻ
അപരിചിതനായിരുന്നു. 23“മുമ്പെ നമ്മെ

[a] 18 ഗ്രീക്കിൽ *കേഫാ*

പീഡിപ്പിച്ചവൻ, ഒരിക്കൽ താൻ നശിപ്പിക്കാൻ
ശ്രമിച്ച വിശ്വാസം ഇപ്പോൾ അറിയിക്കുന്നു"
എന്നുമാത്രമേ അവർ എന്നെക്കുറിച്ചു കേട്ടി
രുന്നുള്ളു. 24എന്റെ നിമിത്തം അവർ ദൈവ
ത്തെ മഹത്ത്വപ്പെടുത്തി.

*പൗലൊസിന് അപ്പൊസ്തലന്മാരുടെ അംഗീകാരം*

2 പതിന്നാലു വർഷങ്ങൾക്കുശേഷം
ബർന്നബാസിനോടൊപ്പം ഞാൻ തീത്തോ
സിനെയും കൂട്ടി വീണ്ടും യെരൂശലേമിലേക്കു
പോയി. 2ഒരു വെളിപ്പാട് അനുസരിച്ചാണു ഞാൻ
പോയത്. വിജാതീയരുടെ ഇടയിൽ ഞാൻ പ്രസം
ഗിക്കുന്ന സുവിശേഷം അവരോടു വിവരിച്ചു.
ഞാൻ ഓടിയതും ഇപ്പോൾ ഓടിക്കൊണ്ടിരി
ക്കുന്നതും വ്യർത്ഥമാകരുതെന്നു കരുതി പ്രമാ
ണികളോടു സ്വകാര്യമായിട്ട് ഇതറിയിച്ചു. 3എ
ന്നോടൊപ്പം ഉണ്ടായിരുന്ന തീത്തോസ് ഗ്രീക്കു
കാരൻ ആയിരുന്നെങ്കിലും അയാളെപ്പോലും
പരിച്ഛേദനമേല്ക്കാൻ ആരും നിർബ്ബന്ധിച്ചി
ല്ല. 4ക്രിസ്തുയേശുവിൽ ഞങ്ങൾക്കുള്ള സ്വാ
തന്ത്ര്യം ഒറ്റുനോക്കുവാനും ഞങ്ങളെ അടിമ
പ്പെടുത്തുവാനുമായി നുഴഞ്ഞുകയറിവന്ന
കള്ളസ്സഹോദരന്മാർ നിമിത്തമാണ് ഈ
പ്രശ്നമുണ്ടായത്. 5സുവിശേഷത്തിന്റെ
സത്യം നിങ്ങളോടുകൂടെ നിലനില്ക്കേണ്ടതി
നു ഞങ്ങൾ അല്പനേരംപോലും അവർക്കു
വഴങ്ങിക്കൊടുത്തില്ല.
6പ്രമാണികളായി കരുതപ്പെട്ടവരെക്കുറിച്ച്,
അവർ ആരുതന്നേ ആയിരുന്നാലും എനിക്കു
പ്രത്യേക പരിഗണനയൊന്നുമില്ല. ദൈവം മു
ഖപക്ഷം കാണിക്കുന്നില്ല. പ്രമാണികളിൽനിന്ന്
എനിക്കൊന്നും വിശേഷമായി ലഭിച്ചുമില്ല. 7മറി
ച്ച്, യഹൂദരോടു[a]സുവിശേഷം പ്രസംഗി
ക്കുന്നതിനുള്ള ചുമതല പത്രൊസിനെ ഏല്പി
ച്ചിരിക്കുന്നതുപോലെ വിജാതീയരോടുള്ള[b] സു
വിശേഷഘോഷണം എന്നെ ഏല്പിച്ചിരി
ക്കുന്നുവെന്ന് അവർ മനസ്സിലാക്കി. 8യഹൂ
ദരുടെ അപ്പൊസ്തലൻ എന്ന നിലയ്ക്ക് പത്രൊ
സിന്റെ ശുശ്രൂഷയിൽ വ്യാപരിച്ച ദൈവം വിജാ
തീയരുടെ അപ്പൊസ്തലനായ എന്റെ ശുശ്രൂ
ഷയിലും വ്യാപരിച്ചു. 9തൂണുകളായി അറിയ
പ്പെട്ടിരുന്ന യാക്കോബും കേഫാവും യോ
ഹന്നാനും എനിക്കു ലഭിച്ച ദൈവകൃപയെപ്പറ്റി
മനസ്സിലാക്കിയപ്പോൾ ഞങ്ങൾ വിജാതീ
യരുടെയും അവർ യഹൂദരുടെയും അടുക്ക
ലേക്കു പോകേണ്ടതിന് എനിക്കും ബർന്നബാ
സിനും കൂട്ടായ്മയുടെ വലങ്കൈ തന്നു.
10ദരിദ്രരെ ഓർത്തുകൊള്ളണം എന്നു
മാത്രമാണ് അവർ ഞങ്ങളോട് ആവശ്യപ്പെട്ടത്.
അതു ചെയ്യുന്നതിൽ ഞാനും ശുഷ്കാന്തി
നിലനിർത്തിയിരിക്കുന്നു.

*പൗലൊസ് പത്രൊസിനെ എതിർക്കുന്നു*

11എന്നാൽ പത്രൊസ് അന്ത്യോക്യയിൽ വന്ന
പ്പോൾ, അദ്ദേഹത്തിൽ കുറ്റം കണ്ടതിനാൽ
ഞാൻ അദ്ദേഹത്തോട് അഭിമുഖമായി
എതിർത്തുനിന്നു. 12യാക്കോബിന്റെ അടു
ക്കൽനിന്നു ചിലർ വരുന്നതിനുമുമ്പ് അദ്ദേഹം
വിജാതീയരുടെകൂടെ ഭക്ഷണം കഴിച്ചിരുന്നു.
എന്നാൽ അവർ വന്നതോടെ പരിച്
ഛേദനക്കാരെ ഭയന്ന് വിജാതീയരിൽനിന്നു
പിൻവാങ്ങി വേർപെട്ടു നിന്നു. 13മറ്റു യഹൂദരും
അദ്ദേഹത്തോടൊപ്പം കാപട്യം കാണിച്ചതിനാൽ
ബർന്നബാസ് പോലും വഴിതെറ്റിപ്പോയി.
14സുവിശേഷത്തിന്റെ സത്യം അനുസരിച്ച്
അവർ നേർവഴിയിൽ നടക്കുന്നില്ലെന്നു കണ്ട
പ്പോൾ ഞാൻ എല്ലാവരുടെയും മുന്നിൽവച്ചു
കേഫാവിനോടു ചോദിച്ചു: "അങ്ങ് ഒരു യഹൂ
ദനായിരിക്കെ, യഹൂദന്മാരെപ്പോലെയല്ല, വിജാ
തീയരെപ്പോലെയാണു ജീവിച്ചുവരുന്ന
തെങ്കിൽ, യഹൂദമര്യാദ അനുസരിക്കുവാൻ വി
ജാതീയരെ നിർബ്ബന്ധിക്കുന്നതെന്ത്?
15"നാം വിജാതീയരായ പാപികൾ അല്ല,
ജന്മനാ യഹൂദരാണ്. 16എന്നാൽ യേശുക്രി
സ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായ
പ്രമാണത്താൽ മനുഷ്യൻ നീതീകരിക്ക
പ്പെടുന്നില്ലെന്നു നമുക്കറിയാം. അതുകൊണ്ടു
നാമും ന്യായപ്രമാണം ആചരിക്കുന്നതിനാലല്ല,
പിന്നെയോ ക്രിസ്തുവിലുള്ള വിശ്വാസത്താൽ
ത്തന്നേ നീതീകരിക്കപ്പെടേണ്ടതിനു ക്രി
സ്തുയേശുവിൽ വിശ്വാസം അർപ്പിച്ചിരി
ക്കുന്നു. ന്യായപ്രമാണത്തിന്റെ പ്രവൃത്തി
കളാൽ ഒരുവനും നീതീകരിക്കപ്പെടുകയില്ല.
17"ക്രിസ്തുവിൽ നീതീകരണം തേടുമ്പോൾ
നാംതന്നേ പാപികളെന്നു വരുന്നുവെങ്കിൽ ക്രി
സ്തു പാപത്തിന്റെ പരിപോഷകൻ എന്നോ?
ഒരിക്കലുമല്ല! 18ഞാൻ നശിപ്പിച്ചതു ഞാൻ ത
ന്നേ പണിയുന്നുവെങ്കിൽ ഞാൻ കുറ്റക്കാരൻ
എന്നു തെളിയിക്കുകയല്ലേ? 19ദൈവത്തി
നുവേണ്ടി ജീവിക്കേണ്ടതിനു ഞാൻ ന്യായപ്രമാ
ണം മുഖേന ന്യായപ്രമാണത്തിനു മരിച്ചു.
20ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്ക
പ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല,
ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്.
ഇപ്പോൾ ഞാൻ ശരീരത്തിൽ ജീവിക്കുന്നതോ
എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെ
ത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രനിലു
ള്ള വിശ്വാസത്താലാണ്. 21ഞാൻ ദൈവ
ത്തിന്റെ കൃപയെ വ്യർത്ഥമാക്കുന്നില്ല, ന്യായ

[a] 7 ഗ്രീക്കിൽ, *പരിച്ഛേദനക്കാരോട്* [b] 7 ഗ്രീക്കിൽ *അഗ്രചർമ്മികളോടുള്ള*. 8,9 വാക്യങ്ങളും കാണുക.

പ്രമാണത്തിലൂടെ നീതി ലഭിക്കുമെങ്കിൽ
ക്രിസ്തു മരിച്ചതു വ്യർത്ഥമല്ലോ!"

*വിശ്വാസമോ ന്യായപ്രമാണമോ?*

3 ഹാ! ബുദ്ധികെട്ട ഗലാത്യരേ, ക്രിസ്തു
യേശുവിനെ ക്രൂശിക്കപ്പെട്ടവനായി നി
ങ്ങളുടെ കണ്ണിൻമുമ്പിൽ വരച്ചുകാട്ടിയിരിക്കെ,
നിങ്ങളെ ആഭിചാരത്താൽ വശീകരിച്ചത് ആർ?
2ഇതൊന്നുമാത്രം നിങ്ങളിൽനിന്നു ഗ്രഹിക്കു
വാൻ ഞാൻ ആഗ്രഹിക്കുന്നു: ന്യായപ്രമാ
ണത്തിന്റെ പ്രവൃത്തിയാലോ വിശ്വാ
സത്തിന്റെ പ്രസംഗത്താലോ നിങ്ങൾക്ക്
ആത്മാവ് ലഭിച്ചത്? 3നിങ്ങൾ ഇത്ര ബുദ്ധിശൂ
ന്യരോ? ആത്മാവിനാൽ ആരംഭിച്ചിട്ട് ഇപ്പോൾ
ജഡംകൊണ്ടോ പൂർത്തിയാക്കുന്നത്? 4നിങ്ങൾ
ഇത്രയെല്ലാം കഷ്ടം സഹിച്ചതു വെറുതേ എ
ന്നോ? ഇതെല്ലാം നിഷ്ഫലപ്രയത്നമെന്നോ?
5എങ്കിൽ ദൈവം തന്റെ ആത്മാവിനെ നിങ്ങൾ
ക്കു നല്കുന്നതും നിങ്ങളുടെ ഇടയിൽ
അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതും ന്യായപ്രമാ
ണത്തിന്റെ പ്രവൃത്തിയാലോ അതോ വിശ്വാ
സത്തിന്റെ പ്രസംഗം കേട്ടതുകൊണ്ടോ?
6"അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു;
അത് അദ്ദേഹത്തിനു നീതിയായി കണക്കി
ട്ടു"[a]എന്നുണ്ടല്ലോ? 7അതുകൊണ്ട്, വിശ്വസി
ക്കുന്നവരത്രേ അബ്രാഹാമിന്റെ മക്കൾ എന്ന്
അറിഞ്ഞുകൊൾവിൻ. 8ദൈവം വിജാതീയരെ
വിശ്വാസത്താൽ നീതീകരിക്കുന്നുവെന്നു തി
രുവെഴുത്തു മുൻകണ്ടിട്ട്, "നിന്നിൽ സകല
ജനതകളും അനുഗ്രഹിക്കപ്പെടും" [b]എന്നുള്ള
സുവിശേഷം അബ്രാഹാമിനെ മുൻകൂട്ടി അറി
യിച്ചു. 9അങ്ങനെ, വിശ്വാസികൾ വിശ്വാസിയാ
യ അബ്രാഹാമിനോടൊപ്പം അനുഗ്രഹിക്ക
പ്പെടുന്നു.
10എന്നാൽ ന്യായപ്രമാണത്തിന്റെ
പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏതൊരുവനും
ശാപത്തിൻകീഴിലാണ്; "ന്യായപ്രമാണപു
സ്തകത്തിൽ എഴുതിയിരിക്കുന്നതെല്ലാം ചെയ്യു
വാൻ തക്കവണ്ണം അതിൽ നിലനിൽക്കാത്ത
ഏവനും ശാപഗ്രസ്തൻ"[c] എന്ന് എഴുതിയിരി
ക്കുന്നുവല്ലോ. 11ന്യായപ്രമാണത്താൽ ആരും
ദൈവസന്നിധിയിൽ നീതികരിക്കപ്പെടുകയില്ല
എന്നതു സ്പഷ്ടം: "നീതിമാൻ വിശ്വാസത്താൽ
ജീവിക്കും" [d]എന്നുണ്ടല്ലോ. 12ന്യായപ്രമാണ
മോ വിശ്വാസത്തിൽനിന്നല്ല ഉത്ഭവിക്കുന്നത്;
"അതു ചെയ്യുന്നവൻ അതിനാൽ ജീവി
ക്കും"[e]എന്നുണ്ടല്ലോ. 13"മരത്തിന്മേൽതൂങ്ങുന്ന
ഏവനും ശപിക്കപ്പെട്ടവൻ"[f]എന്ന് എഴുതിയിരി
ക്കുന്നതുപോലെ, ക്രിസ്തു നമുക്കുവേണ്ടി ശാ
പമായിത്തീർന്നു, ന്യായപ്രമാണത്തിന്റെ ശാ
പത്തിൽനിന്നു നമ്മെ വീണ്ടെടുത്തു; 14അബ്രാ
ഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ
വിജാതീയർക്കു ലഭിക്കേണ്ടതിനു നാം
ആത്മാവെന്ന വാഗ്ദാനം വിശ്വാസത്താൽ
പ്രാപിക്കുവാൻതന്നേ.

*ന്യായപ്രമാണവും വാഗ്ദാനവും*

15സഹോദരരേ, മനുഷ്യരുടെയിടയിൽ നടപ്പു
ള്ള ഒരു ദൃഷ്ടാന്തം ഞാൻ പറയാം. ഒരു മനു
ഷ്യൻ ചെയ്യുന്ന ഉടമ്പടി പോലും ഉറപ്പാക്കിക്കഴി
ഞ്ഞാൽപിന്നെ അതിനെ അസാധുവാക്കു
വാനോ അതിനോട് എന്തെങ്കിലും കൂട്ടിച്ചേർ
ക്കുവാനോ ആർക്കും സാധ്യമല്ല. 16അബ്രാഹാ
മിനും അദ്ദേഹത്തിന്റെ സന്തതിക്കുമാണ് വാ
ഗ്ദാനം ലഭിച്ചത്. "സന്തതികൾക്ക്" എന്ന് പല
രെക്കുറിച്ചല്ല, "സന്തതിക്ക്"[g] എന്ന് ഒരുവ
നെക്കുറിച്ചാണു തിരുവെഴുത്തു പറയുന്നത്.
അതു ക്രിസ്തു തന്നേ. 17ഞാൻ
പറയുന്നതിന്റെ താല്പര്യം ഇതാണ്: നാനൂറ്റി
മുപ്പതു വർഷത്തിനുശേഷമുണ്ടായ ന്യായ
പ്രമാണം ദൈവത്താൽ മുമ്പുകൂട്ടി ഉറപ്പിച്ച
ഉടമ്പടിയെ അസാധുവാക്കുന്നില്ല. അങ്ങനെ
ന്യായപ്രമാണം വാഗ്ദാനത്തെ ദുർബ്ബലമാ
ക്കുന്നില്ല. 18ന്യായപ്രമാണത്തിനാലാണ്
അവകാശം ലഭിക്കുന്നതെങ്കിൽ അതു വാഗ്ദാ
നത്താലല്ല. എന്നാൽ ദൈവം ഒരു വാഗ്ദാനത്തി
ലൂടെയാണ് അബ്രാഹാമിന് അവകാശം
നല്കിയത്.
19എന്നാൽ, ന്യായപ്രമാണം എന്തിന്? വാ
ഗ്ദത്തസന്തതി വരുന്നതുവരെ, ലംഘനങ്ങൾ
നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാരിലൂടെ മധ്യ
സ്ഥന്റെ കയ്യിൽ ഏല്പിച്ചതുമാണ് അത്.
20ഒരുവൻമാത്രമുള്ളപ്പോൾ മധ്യസ്ഥൻ ആവശ്യ
മില്ല; ദൈവമോ ഒരുവൻ മാത്രം.
21അപ്പോൾ ന്യായപ്രമാണം ദൈവത്തിന്റെ
വാഗ്ദാനങ്ങൾക്കു വിരുദ്ധമോ? ഒരിക്കലുമല്ല.
ജീവൻ നല്കുവാൻ പര്യാപ്തമായ ഒരു ന്യായ
പ്രമാണം നൽകപ്പെട്ടിരുന്നുവെങ്കിൽ അതിലൂടെ
നീതീകരണം ലഭിക്കുമായിരുന്നു. 22എന്നാൽ
വിശ്വസിക്കുന്നവർക്കു വാഗ്ദാനം യേശുക്രി
സ്തുവിലെ വിശ്വാസംമൂലം ലഭിക്കേണ്ടതിനു
തിരുവെഴുത്തു സകലരെയും പാപത്തിനുകീ
ഴിൽ അടച്ചുകളഞ്ഞു.
23വിശ്വാസം വരുംമുമ്പേ വെളിപ്പെടുവാനി
രുന്ന ആ വിശ്വാസത്തിനുവേണ്ടി നമ്മെ ന്യായ
പ്രമാണത്തിന്റെ തടവിൽ അടച്ചു സൂക്ഷിച്ചി
രുന്നു. 24വിശ്വാസത്താൽ നാം നീതീകരിക്കപ്പെ
ടേണ്ടതിനു ന്യായപ്രമാണം നമ്മെ ക്രിസ്തു

*a* 6 ഉല്പത്തി 15:6 *b* 8 ഉല്പത്തി 12:3,18:18, 22:18 *c* 10 ആവർത്തനം 27:26 *d* 11ഹബക്കൂക് 2:4
*e* 12 ലേവ്യ 18:5 *f* 13 ആവർത്തനം 21:23 *g* 16 ഉല്പത്തി 12:7; 13:15; 24:7

വിലേക്കു നയിക്കുന്ന ശിശുപാലകനായിത്തീ
ർന്നു. 25വിശ്വാസം വന്നശേഷമോ, നാം ഇനി
ശിശുപാലകൻെറ കീഴിൽ അല്ല.

*ദൈവമക്കൾ*

26ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നി
ങ്ങളെല്ലാവരും ദൈവമക്കളാണ്. 27ക്രിസ്തു
വിലേക്കു സ്നാനമേറ്റ നിങ്ങൾ എല്ലാവരും
ക്രിസ്തുവിനെ ധരിച്ചിരിക്കുന്നുവല്ലോ.
28അതിൽ യഹൂദനോ ഗ്രീക്കുകാരനോ എന്നി
ല്ല; അടിമയോ സ്വതന്ത്രനോ എന്നില്ല; പുരുഷ
നോ സ്ത്രീയോ എന്നുമില്ല. നിങ്ങൾ എല്ലാവരും
ക്രിസ്തുയേശുവിൽ ഒന്നത്രേ. 29ക്രിസ്തുവിനു
ള്ളവരെങ്കിലോ നിങ്ങൾ അബ്രാഹാമിൻെറ
സന്തതിയും വാഗ്ദാനപ്രകാരം അവകാശികളും
ആകുന്നു.

4 അവകാശി ബാലനായിരിക്കുന്നേട
ത്തോളം കാലം എല്ലാറ്റിൻെറയും ഉടമസ്ഥ
നെങ്കിലും അടിമയിൽനിന്നു വ്യത്യസ്തനല്ല
എന്നാണു ഞാൻ പറയുന്നത്. 2പിതാവു നിശ്
ചയിച്ച സമയംവരെയും അവൻ രക്ഷാകർത്താ
ക്കളുടെയും കാര്യസ്ഥന്മാരുടെയും അധീ
നതയിലാണ്. 3അങ്ങനെതന്നേ, നാമും ശിശു
ക്കളായിരുന്നപ്പോൾ ലോകത്തിൻെറ ആദിപാ
ഠങ്ങൾക്ക് അടിമപ്പെട്ടിരുന്നു. 4എന്നാൽ
കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തൻെറ
പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി,
ന്യായപ്രമാണത്തിനു കീഴിൽ ജനിച്ചവനായി
അയച്ചു. 5ന്യായപ്രമാണത്തിൻകീഴിലായിരുന്ന
നമ്മെ ഉദ്ധരിച്ചു പുത്രന്മാരായി ദത്തെടുത്ത്
അവകാശം നല്കുവാൻ തന്നേ. 6നിങ്ങൾ മക്കൾ
ആയിരിക്കയാൽ, "അബ്ബാ, പിതാവേ" എന്നു
വിളിക്കുന്ന പുത്രത്വത്തിൻെറ ആത്മാവിനെ
തന്നേ ദൈവം നമ്മുടെ ഹൃദയങ്ങളിലേക്ക്
അയച്ചു. 7അതിനാൽ നീ ഇനി അടിമയല്ല,
പുത്രനാണ്. പുത്രനെങ്കിലോ, ദൈവത്താൽ
അവകാശിയുമാണ്.

*ഗലാത്യരെക്കുറിച്ചുള്ള കരുതൽ*

8മുമ്പ്, നിങ്ങൾ ദൈവത്തെ അറിയാതിരുന്ന
കാലത്ത്, വാസ്തവത്തിൽ ദൈവങ്ങളല്ലാത്ത
വർക്ക് അടിമപ്പെട്ടിരുന്നു. 9എന്നാൽ ഇപ്പോഴാ
കട്ടെ നിങ്ങൾ ദൈവത്തെ അറിയുകയും,
വിശേഷിച്ച് ദൈവം നിങ്ങളെ അറിയുകയും
ചെയ്തിരിക്കെ, നിങ്ങൾ ദുർബ്ബലവും വ്യർത്ഥവു
മായപ്രമാണങ്ങളിലേക്കു പിന്തിരിയുന്നതെങ്ങ
നെ? വീണ്ടും അവയുടെ അടിമകൾ ആകാനോ
നിങ്ങൾ ആഗ്രഹിക്കുന്നത്? 10വിശേഷദിവസ
ങ്ങളും മാസങ്ങളും കാലങ്ങളും വർഷങ്ങളും
നിങ്ങൾ ആചരിക്കുന്നുവല്ലോ! 11നിങ്ങൾ
ക്കുവേണ്ടിയുള്ള എൻെറ അധ്വാനമെല്ലാം
നിഷ്ഫലമായിപ്പോയോ എന്നു ഞാൻ
ഭയപ്പെടുന്നു.

12സഹോദരരേ, ഞാൻ നിങ്ങളെപ്പോലെ
ആയതിനാൽ നിങ്ങൾ എന്നെപ്പോലെ ആകണ
മെന്നു ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾ എ
ന്നോട് ഒരു ദോഷവും ചെയ്തിട്ടില്ല. 13ഞാൻ
ആദ്യം നിങ്ങളോടു സുവിശേഷം അറിയിക്കാൻ
ഇടയായത് എൻെറ ദേഹാസ്വാസ്ഥ്യം നിമിത്ത
മാണെന്നു നിങ്ങൾക്ക് അറിയാമല്ലോ. 14എൻെറ
അസ്വാസ്ഥ്യം നിങ്ങൾക്കൊരു പരിശോധന
ആയിരുന്നെങ്കിലും നിങ്ങൾ എന്നെ വെറുക്കുക
യോ നിന്ദിക്കുകയോ ചെയ്തില്ല; പിന്നെയോ
ദൈവത്തിൻെറ ഒരു ദൂതനെയോ യേശുക്രി
സ്തുവിനെയോ എന്നപോലെ സ്വീകരിക്കു
കയാണുണ്ടായത്. 15നിങ്ങൾക്കുണ്ടായിരുന്ന
ആ ഭാഗ്യകരമായ അനുഭവം ഇപ്പോൾ എവിടെ?
കഴിയുമെങ്കിൽ നിങ്ങളുടെ കണ്ണുകൾ ചൂഴ്
ന്നെടുത്ത് എനിക്കു തരുമായിരുന്നു എന്നതി
നു ഞാൻ സാക്ഷി. 16ഇപ്പോൾ നിങ്ങളോടു
സത്യം പറഞ്ഞതുകൊണ്ടു ഞാൻ നിങ്ങൾക്കു
ശത്രുവായിത്തീർന്നുവോ?

17സ്വപക്ഷത്തു നിങ്ങളെ ചേർക്കുവാനാണ്
അവർ ഇത്ര ആവേശം കാട്ടുന്നത്. അതു
നന്മയ്ക്കായിട്ടല്ല. നിങ്ങളെ ഞങ്ങളിൽനിന്ന്
അകറ്റുവാനും അവർക്കുവേണ്ടി നിങ്ങൾ ശു
ഷ്കാന്തി കാട്ടുവാനുമാണ് അവർ ആഗ്രഹി
ക്കുന്നത്. 18ഞാൻ നിങ്ങളോടുകൂടെയുള്ള
പ്പോൾ മാത്രമല്ല, എല്ലായ്പ്പോഴും നല്ലൊരു കാ
ര്യത്തിനുവേണ്ടി ശുഷ്കാന്തി കാണിക്കുന്നതു
നല്ലതുതന്നേ. 19എൻെറ കുഞ്ഞുങ്ങളേ,
ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെയും
ഞാൻ വീണ്ടും ഈറ്റുനോവനുഭവിക്കുന്നു;
20ഇപ്പോൾ നിങ്ങളോടുകൂടെ ആയിരിക്കുവാനും
എൻെറ സ്വരം മാറ്റുവാനും കഴിഞ്ഞെങ്കിൽ
എന്നു ഞാൻ ആഗ്രഹിക്കുന്നു. കാരണം നിങ്ങ
ളെക്കുറിച്ചു ഞാൻ അത്രയ്ക്കു ദുഃഖിതനാണ്.

*ഹാഗറും സാറയും*

21ന്യായപ്രമാണത്തിൻ കീഴിലിരിപ്പാൻ
ഇച്ഛിക്കുന്നവരേ, പറയുവിൻ, ന്യായപ്രമാണ
ത്തെ നിങ്ങൾ ശ്രദ്ധിക്കുന്നില്ലേ? 22അബ്രാഹാ
മിന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. ഒരുവൻ
ദാസിയിൽനിന്നു ജനിച്ചവൻ, മറ്റവൻ സ്വത
ന്ത്രയിൽനിന്നു ജനിച്ചവൻ. 23ദാസിയിൽനിന്നു
ള്ളവൻ ജഡപ്രകാരവും സ്വതന്ത്രയിൽനിന്നു
ള്ളവൻ വാഗ്ദാനപ്രകാരവും ജനിച്ചു എന്നു തി
രുവെഴുത്തിൽ എഴുതിയിരിക്കുന്നു.

24ഈ കാര്യങ്ങൾ സാദൃശ്യങ്ങളാണ്. ഈ
സ്ത്രീകൾ രണ്ട് ഉടമ്പടികളെ പ്രതിനിധാനം
ചെയ്യുന്നു. ഒരു ഉടമ്പടി സീനായ് മലയിൽനിന്നു
ള്ളതും അടിമകളെ പ്രസവിക്കുന്നതുമാണ്;

അതാണു ഹാഗർ. 25ഹാഗർ അറബിദേശ
ത്തുള്ള സീനായ്മലയെ സൂചിപ്പിക്കുന്നു. അത്
ഇപ്പോഴത്തെ യെരൂശലേമിനു തുല്യം. കാരണം,
അവൾ തൻെറ മക്കളുമായി അടിമത്തത്തി
ലാണു കഴിയുന്നത്. 26മീതേയുള്ള യെരൂശ
ലേമോ സ്വതന്ത്രയാണ്, അവൾ തന്നേ നമ്മുടെ
അമ്മ.

27"ഹേ, പ്രസവിക്കാത്തവളേ, നീ
സന്തോഷിക്കുക, ഈറ്റുനോവ്
അറിഞ്ഞിട്ടില്ലാത്തവളേ, ആർത്തു
ഘോഷിക്കുക: ഭർത്താവുള്ളവളുടെ
മക്കളേക്കാൾ ഏകാകിനിയുടെ
മക്കൾ എണ്ണത്തിൽ അധികം."[a]

എന്ന് എഴുതിയിരിക്കുന്നുവല്ലോ.

28സഹോദരരേ, നാം യിസ്ഹാക്കിനെപ്പോലെ
വാഗ്ദാനസന്തതികളാണ്. 29അന്നു ജഡപ്രകാ
രം ജനിച്ചവൻ ആത്മപ്രകാരം ജനിച്ചവനെ പീ
ഡിപ്പിച്ചു. ഇന്നും അങ്ങനെതന്നേ. 30എന്നാൽ
തിരുവെഴുത്ത് എന്തു പറയുന്നു? "ദാസിയെയും
മകനെയും പുറത്താക്കുക, ദാസിയുടെ മകൻ
സ്വതന്ത്രയുടെ മകനോടൊപ്പം ഒരിക്കലും
അവകാശത്തിൽ പങ്കാളി ആകുകയില്ല." [b]
31അതുകൊണ്ടു സഹോദരരേ, നാം ദാസിയുടെ
മക്കളല്ല, സ്വതന്ത്രയുടെ മക്കളത്രേ.

### *ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം*

5 സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വ
തന്ത്രരാക്കിയിരിക്കുന്നു. അതുകൊണ്ട്
അതിൽ ഉറച്ചുനില്ക്കുവിൻ. അടിമനുകത്തിൽ
വീണ്ടും അകപ്പെട്ടുപോകരുത്.

2ശ്രദ്ധിക്കുക, നിങ്ങൾ പരിച്ഛേദനം
ഏല്ക്കുന്നുവെങ്കിൽ ക്രിസ്തുവിനെക്കൊണ്ടു
നിങ്ങൾക്കു യാതൊരു പ്രയോജനവും ഇല്ല
എന്നു പൗലൊസ് ആയ ഞാൻ നിങ്ങളോടു
പറയുന്നു. 3പരിച്ഛേദനം ഏല്ക്കുന്ന ഏതൊ
രുവനോടും അവൻ ന്യായപ്രമാണം മുഴുവനും
അനുസരിപ്പാൻ കടപ്പെട്ടിരിക്കുന്നുവെന്നു
ഞാൻ വീണ്ടും സാക്ഷ്യം പറയുന്നു. 4ന്യായ
പ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ശ്രമി
ക്കുന്ന നിങ്ങൾ ക്രിസ്തുവിൽനിന്നു
വേർപെട്ടുപോയി. നിങ്ങൾ കൃപയിൽനിന്നു
വീണുപോയി. 5ഞങ്ങളോ വിശ്വാസത്താലുള്ള
നീതിക്കായി ആത്മാവിൽ ജാഗ്രതയോടെ
കാത്തിരിക്കുന്നു. 6ക്രിസ്തുയേശുവിൽ, പരിച്
ഛേദനം ഏല്ക്കുന്നതോ ഏല്ക്കാതിരിക്കുന്ന
തോ അല്ല, സ്നേഹത്താൽ വ്യാപരിക്കുന്ന
വിശ്വാസമാണു പ്രധാനം.

7നിങ്ങൾ നന്നായി ഓടിക്കൊണ്ടിരുന്നു.
സത്യം അനുസരിക്കാതിരിക്കാൻ നിങ്ങളെ
തടഞ്ഞതാർ? 8ഈ പ്രേരണ നിങ്ങളെ വിളി
ച്ചവനിൽനിന്നുണ്ടായതല്ല. 9"അല്പം പുളിമാ
വു മുഴുവൻ മാവിനെയും പുളിപ്പിക്കുന്നു."
10നിങ്ങൾക്കു മറ്റൊരു കാഴ്ചപ്പാട് ഉണ്ടാ
കയില്ലെന്നു കർത്താവിൽ എനിക്ക് ഉറപ്പുണ്ട്.
നിങ്ങളിൽ കലക്കമുണ്ടാക്കുന്നവൻ ആരായാ
ലും ശിക്ഷ അനുഭവിക്കേണ്ടിവരും. 11സഹോ
ദരരേ, ഞാൻ ഇപ്പോഴും പരിച്ഛേദനമാണു
പ്രസംഗിക്കുന്നതെങ്കിൽ, എന്തിനു ഞാൻ
പീഡനം സഹിക്കണം? അങ്ങനെയെങ്കിൽ
ക്രൂശിൻെറ ഇടർച്ച നീങ്ങിപ്പോയല്ലോ. 12നിങ്ങ
ളെ കലക്കുന്നവർ അംഗച്ഛേദം ചെയ്തി
രുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു.

13സഹോദരരേ, നിങ്ങൾ സ്വതന്ത്രരായിരി
പ്പാൻ വിളിക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ
സ്വാതന്ത്ര്യം ജഡത്തിന് അവസരമാക്കാതെ,
സ്നേഹത്താൽ അന്യോന്യം സേവിക്കുവിൻ.
14"നിൻെറ അയൽക്കാരനെ നിന്നെപ്പോലെ
തന്നേ സ്നേഹിക്കണം."[c] എന്ന ഏകകല്പന
യിൽ ന്യായപ്രമാണം മുഴുവൻ സംക്ഷേപിച്ചി
രിക്കുന്നു. 15നിങ്ങൾ അന്യോന്യം കടിക്കുകയും
വിഴുങ്ങുകയും ചെയ്യുന്നതിലൂടെ ഒരുവനാൽ
മറ്റൊരുവൻ നശിക്കാതെ സൂക്ഷിച്ചുകൊൾവിൻ.

### *ആത്മാവിനാലുള്ള ജീവിതം*

16ആത്മാവിനെ അനുസരിച്ചു നടപ്പിൻ,
എന്നാൽ നിങ്ങൾ ജഡത്തിൻെറ മോഹം ഒരി
ക്കലും നിറവേറ്റുകയില്ല എന്നു ഞാൻ പറയുന്നു.
17ജഡത്തിൻെറ ആഗ്രഹം ആത്മാവിനും
ആത്മാവിൻെറ ആഗ്രഹം ജഡത്തിനും വിരു
ദ്ധമാണ്. നിങ്ങൾ ഇച്ഛിക്കുന്ന കാര്യങ്ങൾ
ചെയ്യാൻ സാധിക്കാത്തവിധം ഇവ അന്യോന്യം
പ്രതികൂലമാണ്. 18നിങ്ങൾ ആത്മാവിനാൽ നയി
ക്കപ്പെടുന്നുവെങ്കിൽ നിങ്ങൾ ന്യായപ്രമാ
ണത്തിൻ കീഴിലല്ല.

19ജഡത്തിൻെറ പ്രവൃത്തികളോ, ദുർവൃത്തി,
അശുദ്ധി, ദുഷ്കാമം, 20വിഗ്രഹാരാധന, ആഭി
ചാരം, പക, പിണക്കം, ദുഃശങ്ക, ക്രോധം, മത്
സരം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം,
വെറിക്കൂത്ത് മുതലായവയെന്നു വ്യക്തമാണ്.
21ഈ കാര്യങ്ങൾ പ്രവർത്തിക്കുന്നവർ ദൈവരാ
ജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പേ
പറഞ്ഞതുപോലെ ഇപ്പോൾ വീണ്ടും പറയുന്നു.

22എന്നാൽ ആത്മാവിൻെറ ഫലമോ,
സ്നേഹം, സന്തോഷം, സമാധാനം, ദീർ
ഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗ
മ്യത, ആത്മനിയന്ത്രണം എന്നിവയാണ്. 23ഈ
കാര്യങ്ങൾക്കു വിപരീതമായി ഒരു ന്യായപ്രമാ
ണവുമില്ല. 24ക്രിസ്തുയേശുവിനുള്ളവർ ജഡ
ത്തെ അതിൻെറ രാഗമോഹങ്ങളോടുകൂടി ക്രൂ
ശിച്ചിരിക്കുന്നു. 25ആത്മാവിനാൽ നാം ജീവി

[a] 27 യെശയ്യാവ് 54:1 [b] 30 ഉല്പത്തി 21:10 [c] 14 ലേവ്യ 19:18

ക്കുന്നുവെങ്കിൽ ആത്മാവിനെ അനുസരിച്ചു
നടക്കുകയും വേണം. 26നാം അന്യോന്യം പ്ര
കോപിപ്പിച്ചും അസൂയപ്പെട്ടുംകൊണ്ടു ദുരഭിമാ
നികളാകരുത്.

### *എല്ലാവർക്കും നന്മ ചെയ്യുക*

6 സഹോദരരേ, ഒരു മനുഷ്യൻ വല്ല തെറ്റി
ലും അകപ്പെട്ടുപോയാൽ ആത്മീയരായ നി
ങ്ങൾ അവനെ സൗമ്യതയുടെ ആത്മാവിൽ
യഥാസ്ഥാനപ്പെടുത്തുക. നിങ്ങളും പ്രലോ
ഭനത്തിൽ അകപ്പെടാതിരിപ്പാൻ സ്വയം സൂക്ഷി
ച്ചുകൊൾവിൻ. 2തമ്മിൽത്തമ്മിൽ ഭാരങ്ങൾ ചു
മക്കുവിൻ. ഇങ്ങനെ ക്രിസ്തുവിന്റെ ന്യായ
പ്രമാണം നിറവേറ്റുവിൻ. 3താൻ ഒന്നുമല്ലാതി
രിക്കെ, മഹാൻ ആണെന്ന് ഒരുവൻ ചിന്തി
ച്ചാൽ, തന്നെത്താൻ വഞ്ചിക്കുന്നു. 4ഓരോ
രുത്തരും താന്താന്റെ പ്രവൃത്തി വിലയിരുത്ത
ട്ടെ; അപ്പോൾ മറ്റാരുമായും താരതമ്യപ്പെ
ടുത്താതെ അവനു തന്നിൽത്തന്നേ അഭിമാനി
ക്കാം; 5ഓരോരുത്തൻ സ്വന്തം ഭാരം
വഹിക്കേണ്ടതാണല്ലോ.

6വചനം പഠിക്കുന്ന ഏതൊരാളും പഠിപ്പി
ക്കുന്ന ആളിന് എല്ലാ നന്മയുടെയും ഓഹരി
നല്കേണ്ടതാണ്.

7വഞ്ചിക്കപ്പെടരുത്; ദൈവത്തെ പരിഹസി
ക്കുവാൻ പാടില്ല. മനുഷ്യൻ വിതയ്ക്കുന്നതുത
ന്നേ കൊയ്യും. 8ജഡത്തിൽ വിതയ്ക്കുന്നവൻ
ജഡത്തിൽനിന്നു നാശം കൊയ്യും; ആത്മാവിൽ
വിതയ്ക്കുന്നവൻ ആത്മാവിൽനിന്നു നിത്യജീ
വൻ കൊയ്യും. 9നന്മ ചെയ്യുന്നതിൽ നാം
മടുത്തുപോകരുത്. തളർന്നുപോകാഞ്ഞാൽ
തക്കസമയത്തു നാം കൊയ്യും. 10അതുകൊണ്ട്
അവസരം ലഭിക്കുമ്പോഴെല്ലാം നമുക്കു സകല
മനുഷ്യർക്കും, വിശേഷാൽ സഹവിശ്വാസി
കൾക്കും നന്മ ചെയ്യാം.

### *പരിച്ഛേദനമല്ല*
### *പുതിയ സൃഷ്ടിയത്രേ വേണ്ടത്*

11നോക്കുവിൻ, ഞാൻ സ്വന്തം കൈയാൽ,
എത്ര വലിയ അക്ഷരങ്ങളിലാണു നിങ്ങൾക്ക്
എഴുതിയിരിക്കുന്നത്!

12ജഡത്തിൽ പുറമെ മാന്യത പ്രദർശിപ്പിക്കു
വാൻ ആഗ്രഹിക്കുന്നവർ ക്രിസ്തുവിന്റെ ക്രൂ
ശു നിമിത്തം പീഡനമേൽക്കാതിരിപ്പാൻവേണ്ടി
മാത്രമാണു പരിച്ഛേദനമേല്പ്പാൻ നിങ്ങളെ
നിർബ്ബന്ധിക്കുന്നത്. 13പരിച്ഛേദനം ഏറ്റവർ
തന്നെയും ന്യായപ്രമാണം പാലിക്കുന്നില്ലല്ലോ,
എന്നിട്ടും നിങ്ങളുടെ ശരീരത്തെ സംബന്ധിച്ച്
അവർക്കു പ്രശംസ ലഭിക്കേണ്ടതിനാണു നിങ്ങ
ളെ പരിച്ഛേദനം ചെയ്യിക്കുവാൻ അവർ ആ
ഗ്രഹിക്കുന്നത്. 14എനിക്കോ നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ
പ്രശംസിപ്പാൻ ഇടയാകരുത്; അതിലൂടെ [a]ലോ
കം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്ക
പ്പെട്ടിരിക്കുന്നു. 15പരിച്ഛേദനം ഏല്ക്കുന്ന
തോ ഏല്ക്കാതിരിക്കുന്നതോ അല്ല, പുതിയ
സൃഷ്ടിയാണ് പ്രധാനം. 16ഈ പ്രമാണമനുസരി
ച്ചു ജീവിക്കുന്ന ഏവർക്കും, ദൈവത്തിന്റെ
യിസ്രായേലിനും സമാധാനവും കരുണയും
ഉണ്ടാകട്ടെ.

17ഇനി, ആരും എനിക്കു പ്രയാസം ഉണ്ടാക്കരു
ത്; ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ
ശരീരത്തിൽ വഹിക്കുന്നു.

18സഹോദരരേ, നമ്മുടെ കർത്താവായ യേ
ശുക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാ
വിനോടുകൂടെ ഇരിക്കുമാറാകട്ടെ. ആമേൻ.

[a] 14 അല്ലെങ്കിൽ *അദ്ദേഹത്താൽ*